(ബി) തൊഴിലെടുക്കുന്ന തെരുവു കുട്ടികൾക്ക് ഷെൽട്ടറും വിദ്യാഭ്യാസവും നൽകുവാനും കുട്ടികളെ ഉപയോഗിച്ച് യാചകവൃത്തി നടത്തുന്നവരിൽ നിന്നും അവരെ മോചിപ്പിച്ച് ശിശുഭവനങ്ങളിൽ പാർപ്പിക്കുവാനും നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ സ്വീകരിക്കുമോ ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി(ശ്രീമതി സുശീലാ ഗോപാലൻ) :

(എ&ബി) തെരുവുകുട്ടികൾക്ക് ഹോസ്റ്റൽ സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള പദ്ധതികളൊന്നും സാമൂഹ്യക്ഷേമ വകുപ്പ് ആവിഷ്കരിച്ചിട്ടില്ല. എന്നാൽ തെരുവു കുട്ടികൾ ജുവനൈൽ ജസ്റ്റീസ് ആക്ടിന്റെ നിർവ്വചനത്തിൽപ്പെടുമെന്നതിനാൽ ഇവർക്ക് വേണ്ടി ഒബ്സർവേഷൻ ഹോമുകൾ, ജുവനൈൽ ഹോമുകൾ എന്നിവ സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്നു. ഇവിടെ ഇത്തരം കുട്ടികളുടെ വിദ്യാഭ്യാസത്തിനും തൊഴിൽ പരിശീലനത്തിനും പുനരധിവാസത്തിനും സൗകര്യം ഉണ്ട്. കൂടാതെ സന്നദ്ധ സംഘടനകളും ഇവരുടെ ക്ഷേമത്തിനായി വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. എന്നാൽ ഇവർക്കുവേണ്ടി പ്രത്യേകം ശിശു ഭവനങ്ങൾ ആരംഭിക്കുവാൻ പദ്ധതികളൊന്നും പരിഗണനയിലില്ല.

കെൽട്രോൺ ജീവനക്കാരുടെ വി.ആർ.എസ്. പദ്ധതി

23 (*113). ശ്രീ. എ. വി. അബ്ദുറഹിമാൻ ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെൽട്രോണിലെ ജീവനക്കാരിൽ വോളന്ററി റിട്ടയർമെന്റ് സ്കീം അനുസരിച്ച് എത്ര ജീവനക്കാർ റിട്ടയർമെന്റ് വാങ്ങി, തസ്കിക തിരിച്ചുള്ള വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) കെൽട്രോണിൽ നടപ്പിൽ വരുത്തിയ വോളന്ററി റിട്ടയർമെന്റ് പദ്ധതിയുടെ വ്യവസ്ഥകൾ അനുസരിച്ച് ജീവനക്കാർക്ക് നൽകാനുള്ള ആനുകൂല്യങ്ങൾ പൂർണ്ണമായും നൽകിയിട്ടുണ്ടോ ;

(സി) ആനുകൂല്യങ്ങൾ നൽകിയിട്ടില്ലെങ്കിൽ അതിന്റെ കാരണമെന്ത് വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ഡി) വോളന്ററി റിട്ടയർമെന്റ് വാങ്ങിയ ജീവനക്കാർക്ക് വ്യവസ്ഥകളനുസരിച്ച് അർഹമായ ആനുകൂല്യങ്ങൾ എത്രയും വേഗം നൽകുന്നതിനുള്ള നടപടികൾ കൈക്കൊള്ളുമോ ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി(ശ്രീമതി സുശീലാ ഗോപാലൻ) :

(എ) 623 ജീവനക്കാർ

കാഷ്വൽ തൊഴിലാളികൾ	–	34
സ്ഥിരം ജീവനക്കാർ	–	385
സൂപ്പർവൈസർമാർ	–	11

LIBRARY ARCHIVES Kerala Legislative Assembly

എക്സിക്യൂട്ടീവ്സ്	-	113
മാനേജർമാർ	-	76
സീനിയർ മാനേജർ	-	2
ജനറൽ മാനേജർ	-	2
ആകെ		623

(ബി) ഇല്ല. 514 ജീവനക്കാർക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്.

(സി) കേരള വ്യവസായ പുനരുദ്ധാരണ നിധിയിൽ നിന്നും ലഭിച്ച, സ്പെഷ്യൽ റ്റി.എസ്.ബി. അക്കൗണ്ടിന്റെ ചെക്കുകളിൽ ട്രഷറിയിൽ നിന്നും തുക അനുവദിക്കുന്നതിന് കാലതാമസം നേരിട്ടു. അതുമൂലമാണ് എല്ലാ ജീവനക്കാർക്കും ആനുകൂല്യം നൽകുന്നതിൽ താമസം നേരിട്ടത്.

(ഡി) സ്പെഷ്യൽ റ്റി.എസ്.ബി. അക്കൗണ്ടിന്റെ ചെക്കുകൾ കമ്പനിയുടെ കൈവശമുണ്ട്. ചെക്കുകൾ ട്രഷറിയിൽ നിന്നും അനുവദിച്ചുകിട്ടുന്നതിനായി നടപടി കൈകൊണ്ടിട്ടുണ്ട്. കിട്ടുന്ന മുറയ്ക്ക് പണം നൽകുന്നതാണ്.

വ്യവസായ നയത്തിന്റെ ലക്ഷ്യങ്ങൾ

24 (*114) ശ്രീ. സി. എഫ്. തോമസ് :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. മാമ്മൻ മത്തായി
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ഗവൺമെന്റ് പ്രഖ്യാപിച്ച വ്യവസായ നയത്തിൽ രണ്ടര വർഷത്തിനകം 3.5 ലക്ഷം പേർക്ക് തൊഴിലും 3250 കോടി രൂപയുടെ അധിക മുതൽ മുടക്കും വ്യവസായരംഗത്ത് 9% വളർച്ചാനിരക്കും ലക്ഷ്യമിട്ടിരുന്നോ എന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ പ്രസ്തുത സംഗതികളിൽ ഏതൊക്കെ യാഥാർത്ഥ്യമാക്കിയെന്ന് ഇനം തിരിച്ച് വിശദമാക്കാമോ ;

(സി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പൊതുമേഖലയിലും സഹകാര്യമേഖലയിലും സഹകരണ മേഖലയിലുമായി എന്ത് മുതൽ മുടക്ക് സംസ്ഥാനത്തിന് ആർജ്ജിക്കുവാൻ കഴിഞ്ഞുവെന്ന് വെളിപ്പെടുത്താമോ ;

(ഡി) ഇപ്രകാരം ആർജ്ജിച്ച മുതൽ മുടക്കിൽ ഓരോ മേഖലയിലും നടത്തപ്പെട്ട വിദേശനിക്ഷേപം എത്രയാണെന്ന് വ്യക്തമാക്കാമോ ;

(ഇ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ എത്രപേർക്ക് തൊഴിൽ നൽകുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly